## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പദ്ധതി - ദരിദ്ര കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.243/14/തസ്വഭവ                    തിരുവനന്തപുരം, തീയതി, 27.01.2014

==========================================================================

പരാമർശം:- 1. കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ 02.11.2011 ലെ Z.11011/21/10/PPC നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 22.11.2013 ലെ 818/എസ്.എൻ.ലി.എ.2/13/സി.ആർ.ഡി. നമ്പർ കത്ത്.

### <u>ഉത്തരവ്</u>

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായി നീർത്തട പ്രദേശത്തെ ദരിദ്ര കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ സംസ്ഥാനതല നോഡൽ ഏജൻസിയും അതത് സംസ്ഥാനത്തിന്റെ ആവകശ്യകതയനുസരിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശം ഗ്രാമവികസന കമ്മീഷണർ നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യകതയനുസരിച്ച് അനുബന്ധം (1) പ്രകാരം വിശദമായ മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.
3. എല്ലാ ജില്ലാ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന).
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

# ദരിദ്രകുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ

1. 2008 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങളുടെയും സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കി വരുന്നത്. നീർത്തട പ്രദേശത്ത് അധിവസിക്കുന്ന ദരിദ്രകുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ജീവനോപാധികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ പൊതുമാർഗ്ഗനിർദ്ദേശത്തിന്റെ മുഖ്യസവിശേഷതയാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ആകെ പദ്ധതി തുകയുടെ 9% ദരിദ്രകുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. നീർത്തട സംരക്ഷണ പ്രവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ആ പ്രദേശത്തെ ദരിദ്ര കുടുംബങ്ങൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി, സംയോജിത നീർത്തടപരിപാലന പരിപാടി നടപ്പിലാക്കുന്ന നീർത്തടങ്ങളിൽ ജീവനോപാധികൾ മെച്ചപ്പെടുത്തുന്ന ഘടകത്തിന്റെ ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇതോടൊപ്പം നൽകുന്നു.

2. **സമീപനം**

2.1. ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ എല്ലാം തന്നെ പ്രകൃതി വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നവയും അവസര തുല്യത, ലിംഗനീതി, സുതാര്യത എന്നീ തത്വങ്ങളിൽ അധിഷ്ഠിതവുമായിരിക്കണം. അതിനാൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

i. വരുമാന ദായക ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെയും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും ദരിദ്രകുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുകയും മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് എത്തിച്ചേരാൻ അവസരമൊരുക്കുകയും ചെയ്യുക.

ii. പട്ടികജാതി / പട്ടികവർഗ്ഗ ഗോത്ര വിഭാഗം, ഭൂമിയോ മറ്റ് ആസ്തികളോ സ്വന്തമായി ഇല്ലാത്തവർ, സ്ത്രീകൾ തുടങ്ങി സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനങ്ങൾ ലഭ്യമാക്കുക.

iii. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന പ്രക്രിയയിലും നിർവ്വഹണത്തിലും സുതാര്യത ഉറപ്പുവരുത്തുക.

2.2. മെച്ചപ്പെട്ട കുടുംബ വരുമാനം, സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ കുടുംബത്തിലെ എല്ലാവരുടെയും പങ്കാളിത്തത്തിൽ അധിഷ്ഠിതമായ തൊഴിൽ വിഭജനം, വൈദഗ്ദ്ധ്യവും അറിവും എല്ലാവരിലേക്കും എത്തിപ്പെടുവാനുള്ള അവസരങ്ങൾ, ഉചിതമായ സാങ്കേതിക വിദ്യയുടേയും വിഭവങ്ങളുടെയും സാധ്യതകൾ തുല്യമായി പ്രയോജനപ്പെടുത്തൽ എന്നിവയെ ലക്ഷ്യം വയ്ക്കുന്നവയായിരിക്കണം ജീവനോപാധി മേഖലയിലെ ഇടപെടലുകൾ.

3. ആസൂത്രണം

3.1 നീർത്തട പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾക്ക് തന്നെയായിരിക്കും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെയും ആസൂത്രണ നിർവ്വഹണചുമതല.

3.2 ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിന് സഹായകരമായ വിധത്തിലുള്ള സൂക്ഷ്മതല **(Micro level)** ആസൂത്രണ പ്രക്രിയയിലൂടെയായിരിക്കണം. നിലവിലുള്ള വരുമാനദായക ആസ്തികൾ, മൂലധനം, തൊഴിൽ എന്നിവ സംബന്ധിച്ച് പങ്കാളിത്ത പഠനരീതിയിലൂടെ മനസ്സിലാക്കുകയും അവയെ പരിപോഷിപ്പിക്കുന്നതിനുള്ള പൂരകമായ ഉപാധികൾ വികസിപ്പിക്കുന്നതിനും ഇതിലൂടെ കഴിയണം.

3.3 ഇതിനായി സ്വയംസഹായസംഘങ്ങൾ,കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, യൂസർഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ജീവനോപാധി മേഖലയിലെ സാധ്യതകൾ സംബന്ധിച്ച് ഗ്രാമസഭാതലം വരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ സംഘടിപ്പിക്കേണ്ടതാണ്.

3.4 സംയോജിത നീർത്തടപരിപാലന പരിപാടിയുടെ ഭാഗമായി ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നീക്കി വയ്ക്കപ്പെട്ട തുക ലഭ്യമാകുന്നതിനുള്ള മുന്നുപാധി എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തുകൾ വിശദമായ ഒരു ഉപജീവന കർമ്മപദ്ധതി (Livelihood

Action Plan) തയ്യാറാക്കേണ്ടതും ഇത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതുമാണ്.

3.5 ബ്ലോക്ക് പഞ്ചായത്തുകൾ ,നീർത്തട വികസന ടീം (WDT), നീർത്തട കമ്മിറ്റി (WC), എന്നിവയുടെ നേതൃത്വത്തിൽ സ്വയംസഹായസംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ ഗോത്രകുടുംബങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നീ വിഭാഗങ്ങളുമായി വിശദമായ കൂടിയാലോചന നടത്തി ഉപജീവന കർമ്മ പദ്ധതി (LAP) തയ്യാറാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയിട്ടുള്ള വിവിധ വികസനവകുപ്പുകളിലെ ഉദ്യോഗസ്ഥർ, ബ്ലോക്കിലെ എക്സറ്റൻഷൻ ഓഫീസർമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, നീർത്തട വികസന ടീമിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട വിദഗ്ധർ തുടങ്ങിയവരുടെ സേവനം ഇതിനായി ബ്ലോക്ക് പഞ്ചായത്തുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ഉപജീവന കർമ്മപദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ഈ ആവശ്യത്തിന് വേണ്ടി വരുന്ന ചെലവുകൾ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

3.6 തൊഴിലവസരങ്ങൾ, ജീവനോപാധികൾ, പരിശീലനം തുടങ്ങിയവ പ്രദാനം ചെയ്യുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ദേശീയ ഉപജീവന മിഷൻ (NRLM) അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) , രാഷ്ട്രീയകൃഷിവികാസ്‌യോജന (RKVY),പഞ്ചായത്തിന്റെ വികസന ഫണ്ട് തുടങ്ങിയവയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

3.7. നീർത്തട പ്രദേശത്തെ സാമൂഹ്യസാമ്പത്തിക സ്ഥിതി, നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങൾ, അവിടെ ലഭ്യമായ ജീവനോപാധികൾ തുടങ്ങിയവ സംബന്ധിച്ച വസ്തുതകൾ പങ്കാളിത്ത പഠനരീതിയിലൂടെ ശേഖരിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഉപജീവന കർമ്മപദ്ധതി (LAP) തയ്യാറാക്കേണ്ടതുമാണ്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ആ പ്രദേശത്ത് ആവശ്യമായ ഇടപെടലുകൾ , സഹായം നൽകേണ്ട സ്വയം സഹായ സംഘങ്ങൾ, പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ, ആവശ്യമായ പരിശീലന പരിപാടികൾ തുടങ്ങിയവയും ഉപജീവന കർമ്മപദ്ധതിയിൽ ഉണ്ടായിരിക്കണം. ബ്ലോക്ക് പഞ്ചാ

യത്തുകൾ തയ്യാറാക്കുന്ന ഉപജീവന കർമ്മപദ്ധതിയുടെ പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും നീർത്തട കമ്മിറ്റികൾക്കും നൽകേണ്ടതാണ്.അത്യാവശ്യ ഘട്ടങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതിയുടെ ഗുണഭോക്തൃവിഭാഗങ്ങളുമായി ആലോചിച്ച് ഉപജീവനകർമ്മ പദ്ധതിയിൽ ഭേദഗതികൾ വരുത്താവുന്നതാണ്.

3.8. സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയിൽ 2009-10 സാമ്പത്തിക വർഷം മുതൽ പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുള്ളതും അവയിൽ പല പ്രോജക്ടുകൾക്കും വിശദമായ പദ്ധതി രേഖ തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതുമാണ്. ഉപജീവന കർമ്മ പദ്ധതി രൂപപ്പെടുത്തുന്നതു സംബന്ധിച്ച കേന്ദ്രസംസ്ഥാന സർക്കാരുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകളിൽ മേൽ വിവരിച്ച തരത്തിലുള്ള സമഗ്രമായ ഇടപെടലുകൾ നടത്തി ഉപജീവന കർമ്മപദ്ധതി തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അത്തരം പ്രോജക്ടുകളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ ഭാഗമായി നിലവിൽ തയ്യാറാക്കിയിട്ടുള്ള ഉപജീവന കർമ്മപദ്ധതി പുനപരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി ബ്ലോക്ക് പഞ്ചായത്തുകൾ ,ബ്ലോക്കിലെ എക്സറ്റൻഷൻ ഓഫീസർമാർ, വില്ലേജ് എക്സറ്റൻഷൻ ഓഫീസർമാർ, നീർത്തട വികസന ടീമിലെ അംഗങ്ങൾ എന്നിവരെ ചുമതലപ്പെടുത്തണം. നിലവിലെ ഉപജീവന കർമ്മപദ്ധതി പുനപരിശോധന നടത്തി ഓരോ നീർത്തട പ്രദേശത്തേയും സ്വയംസഹായസംഘങ്ങൾ, അയൽക്കൂട്ട സംവിധാനം ,പട്ടികജാതി/ പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങൾ തുടങ്ങിയവരുമായി ആശയ വിനിമയം നടത്തി നിലവിലുള്ള ഉപജീവന കർമ്മപദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തി സമഗ്രമായ ഒരു ഉപജീവന കർമ്മ പദ്ധതിയ്ക്ക് അടിയന്തിരമായി രൂപം കൊടുക്കേണ്ടതാണ്. നീർത്തട പ്രദേശത്തെ മുഴുവൻ കുടുംബങ്ങളെയും സംബന്ധിച്ച സാമൂഹ്യസാമ്പത്തിക വിവരങ്ങൾ സ്വയം സഹായ സംഘങ്ങൾ, അയൽക്കൂട്ട സംവിധാനം എന്നിവ വഴി ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ വേണം ഉപജീവന കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടത്. ബ്ലോക്ക് തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റേയും ചുമതല ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ടിനു (DPR) വേണ്ടിനീക്കിവച്ചിട്ടുള്ള 1% തുക പൂർണ്ണമായും ചെലവഴിച്ച പ്രോജക്ടുകളിൽ ഇതിനാവശ്യമായ തുക ജീവനോപാധി പ്രവർത്തനത്തിനായി ലഭ്യമായിട്ടുള്ള 9% തുക

യുടെ 0.1%-ൽ പരിമിതപ്പെടുത്തി ഭരണനിർവ്വഹണ ചെലവുകളിൽ നിന്നും വഹിക്കേണ്ടതാണ്.

## 4. നിർവ്വഹണം

4.1 സംയോജിത നീർത്തട പരിപാലന പരിപാടിയിൻ കീഴിൽ തയ്യാറാക്കുന്ന ഉപജീവന കർമ്മപദ്ധതി നടപ്പിലാക്കേണ്ടത് സ്വയംസഹായസംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവ മുഖേനയായിരിക്കണം.

4.2. ഉപജീവനകർമ്മപദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് നിലവിൽ വിവിധ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ രൂപീകരിച്ചിട്ടുള്ള സ്വയംസഹായസംഘങ്ങളെ പരിഗണിക്കാവുന്നതാണ്. നിലവിൽ സ്വയം സഹായ സംഘങ്ങളിലോ അയൽക്കൂട്ടങ്ങളിലോ അംഗങ്ങൾ അല്ലാത്തതും ജീവനോപാധി സഹായം ലഭിക്കാൻ അർഹതയുള്ളതുമായ കുടുംബങ്ങൾ ഉണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ ഉൾപ്പെടുത്തി 5 മുതൽ 20 വരെ അംഗങ്ങളുള്ള പുതിയ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയോ, അല്ലെങ്കിൽ അത്തരം കുടുംബങ്ങളെ നിലവിലുള്ള ഏതെങ്കിലും സ്വയം സഹായസംഘങ്ങളിലോ അയൽകൂട്ടങ്ങളിലോ ഈ സംഘങ്ങളിലെ മറ്റ് അംഗങ്ങളുടെ സമ്മതത്തോടെ അംഗമായി ചേർക്കുകയോ ചെയ്യാവുന്നതാണ്.

4.3. ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തപ്പെടുന്ന സ്വയംസഹായസംഘങ്ങളുടെ അംഗങ്ങൾ സമാനരീതിയിൽ ഉപജീവനം നടത്തുന്നവരും സംഘത്തിന്റെ പൊതു താൽപര്യത്തിനുസരിച്ച് പ്രവർത്തിക്കുന്നവരും ആയിരിക്കണം.

4.4. പദ്ധതിയിൻ കീഴിൽ അനുവദനീയമായിട്ടുള്ള ഏതു പ്രവർത്തനവും സംഘാംഗങ്ങൾ ഒരുമിച്ചോ അല്ലെങ്കിൽ സംഘത്തിന്റെ പൊതുവായ മേൽനോട്ടത്തിൻ കീഴിൽ അംഗങ്ങൾക്ക് വ്യക്തിപരമായോ ഏറ്റെടുക്കാവുന്നതാണ്.

4.5. നിലവിൽ വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളമുഴുവൻ സ്വയംസഹായസംഘങ്ങളുടെയും അയൽക്കൂട്ടങ്ങളുടെയും വിവരങ്ങൾ നീർത്തട കമ്മിറ്റികൾ ശേഖരിച്ച് ഒരു ഡയറക്ടറി തയ്യാറാക്കേണ്ടതാണ്. നിലവിലുള്ള മുഴുവൻ സംഘങ്ങളുടെയും പേര്,അംഗങ്ങളുടെ എണ്ണം, അംഗങ്ങളുടെ തരം തിരിവ് (പുരുഷൻ/സ്ത്രീ/ വികലാംഗർ/ പട്ടികജാതി/ പട്ടികവർഗ്ഗം/ ബി.പി.എൽ/എ.പി.എൽ), സംഘം രൂപീകരിക്കപ്പെട്ട തീയ്യതി , ഗ്രേഡിങ്ങ് വിവരങ്ങൾ , ബാങ്ക് ലിങ്കേജ്, ലഭിച്ചിട്ടുള്ള സഹായങ്ങൾ , ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും

ഈ ഡയറക്ടറിയിൽ ഉൾക്കൊള്ളിക്കേണ്ടതും നീർത്തട തലത്തിൽ ശേഖരിക്കുന്ന ഈ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ എക്സ്റ്റൻഷൻ ആഫീസറുടെ മേൽനോട്ടത്തിൽ വി.ഇ.ഒമാരും നീർത്തട വികസന ടീം (WDT) അംഗങ്ങളും ചേർന്നാണ് ഈ പ്രവർത്തനം നടത്തേണ്ടത്. ഇപ്രകാരം തയ്യാറാക്കുന്ന ഡയറക്ടറി കാലാകാലങ്ങളിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് പുതുക്കേണ്ടതാണ്.

## 5 ഗുണഭോക്തൃസംഘങ്ങളുടെ തിരഞ്ഞെടുപ്പ്

5.1 ഈ പദ്ധതിയിൻ കീഴിലെ ആനുകൂല്യം ദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. നീർത്തട പ്രദേശത്ത് അധിവസിക്കുന്ന കുടുംങ്ങളിൽ സ്വന്തമായി ഭൂമിയോ വരുമാനദായക ആസ്തികളോ ഇല്ലാത്തവർക്ക് പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ആദ്യപരിഗണന നൽകേണ്ടതാണ്.

5.2 ഈ പദ്ധതിയിൻ കീഴിൽ സഹായം നൽകുന്നതിനായി സംഘങ്ങളെ തെരെഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മുൻഗണനാ മാനദണ്ഡം നിർബന്ധമായും പാലിക്കേണ്ടതാണ്.

(i) എല്ലാ അംഗങ്ങളും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംഘങ്ങൾ

(ii) പകുതിയോ അതിലധികമോ അംഗങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംഘങ്ങൾ

(iii) വികലാംഗർ മാത്രം അംഗങ്ങളായിട്ടുള്ള സംഘങ്ങൾ

(iv) വനിതാ സംഘങ്ങൾ

(v) മറ്റ് സംഘങ്ങൾ

## 6. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണവും അവയുടെ സംഘടനാ സംവിധാനവും

6.1 സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായി ജീവനോപാധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. നിലവിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് നബാർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനായി അവലംബിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം രൂപീകരിക്കപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽ 5 മുതൽ 10 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. ഒരു സ്വയംസഹായസംഘം/ അയൽക്കൂട്ടത്തിൽ നിന്നോ അടു

ത്തടുത്തുള്ള വിവിധ സ്വയംസഹായസംഘങ്ങൾ / അയൽക്കൂട്ടങ്ങളിൽ നിന്നോ സമാനമായ് ഉപജീവന പ്രവർത്തനങ്ങളിൽ തൽപ്പരരായ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്. സ്ത്രീകൾ മാത്രമായോ പുരുഷൻമാർ മാത്രമായോ സ്ത്രീകളും പുരുഷൻമാരും അടങ്ങിയ മിക്സഡ് ഗ്രൂപ്പുകൾ ആയോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. ഒരു കുടുംബത്തിൽ നിന്ന് ഒരംഗത്തെ മാത്രമേ ജെ.എൽ.ജിയിൽ അംഗമാക്കാൻ പാടുള്ളൂ. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നീർത്തട കമ്മിറ്റികളിൽ രജിസ്റ്റർ ചെയ്യേണ്ടതും അവയുടെ ഒരു സമാഹൃത രജിസ്ററർ ബ്ലോക്ക് പഞ്ചായത്തുതലത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഓരോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും അംഗങ്ങൾക്കിടയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റും വൈസ്പ്രസിഡന്റും സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതും ഇതിൽ ഒരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയുമായിരിക്കണം.(സംഘാംഗങ്ങളിൽ ഈ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങൾ ഉണ്ടെങ്കിൽ മാത്രം). സ്ത്രീകളും പുരുഷൻമാരും അടങ്ങിയ മിക്സഡ് ഗ്രൂപ്പാണെങ്കിൽ ഭാരവാഹികളിൽ ഒരാളെങ്കിലും സ്ത്രീ ആയിരിക്കണം. കൂടാതെ ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായിരിക്കേണ്ടതാണ്. സംഘത്തിന്റെ അക്കൗണ്ട് പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ടായി തുടങ്ങേണ്ടതാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയിൻ കീഴിൽ ലഭ്യമാക്കുന്ന എല്ലാ ധനസഹായവും ജെ.എൽ.ജി കളുടെ ഈ അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ടതാണ്. ജെ.എൽ.ജി കളുടെ മീറ്റിംഗുകളിലെ ചർച്ചകളും തീരുമാനങ്ങളും രേഖപ്പെടുത്തുന്നതിന് പ്രത്യേകം മിനുട്ട്സ് ബുക്കുകളും കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് അക്കൗണ്ട് ബുക്കുകളും സൂക്ഷിക്കേണ്ടതാണ്. മാതൃസ്വയംസഹായസംഘത്തിൽ / അയൽക്കൂട്ടത്തിൽ സമ്പാദ്യം ശേഖരിക്കുന്നതിനാൽ ജെ.എൽ.ജികളിൽ പ്രത്യേകം സമ്പാദ്യം ശേഖരിക്കേണ്ടതില്ല. കൂടാതെ ജെ.എൽ.ജി അംഗങ്ങൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ/ അയൽക്കൂട്ടങ്ങൾ ഗ്രേഡ് ചെയ്യപ്പെട്ടവയാണെങ്കിൽ ജെ.എൽ.ജികൾക്ക് പ്രത്യേകം ഗ്രേഡിങ്ങ് നടത്തേണ്ടതില്ല.

6.2 സംയോജിത നീർത്തട പരിപാലന പരിപാടിക്ക് കീഴിലുള്ള എല്ലാ സാമ്പത്തിക സഹായവും നീർത്തട പ്രദേശത്തിനകത്തുമാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും സ്വയംസഹായസംഘങ്ങളിലെയോ അയൽക്കൂട്ടങ്ങളിലെയോ ഏതാനും ചില

കുടുംബങ്ങൾ നീർത്തട പ്രദേശത്തിന് പുറത്ത് അധിവസിക്കുന്നവരാണെങ്കിൽ അവരെ ഒഴിവാക്കി വേണം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്.

6.3 സംയോജിത നീർത്തട പരിപാലന പരിപാടിയിൻകീഴിൽ രൂപീകരിക്കപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെ നീർത്തട തലത്തിലും ബ്ലോക്ക് തലത്തിലും ഫെഡറേറ്റ് ചെയ്യേണ്ടതാണ്. നീർത്തട തലത്തിൽ രൂപീകരിക്കുന്ന ഫെഡറേഷൻ നീർത്തട വികസന സൊസൈറ്റി (WDS) എന്നും ബ്ലോക്ക് തലത്തിലുള്ള ഫെഡറേഷൻ ബ്ലോക്ക് തലനീർത്തട വികസന സൊസൈറ്റി (BLWDS) എന്നും അറിയപ്പെടുന്നതാണ്. ബ്ലോക്ക് തല നീർത്തടവികസന സൊസൈറ്റിയെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവയുടെ ഘടനയും ചുമതലകളും താഴെകൊടുക്കുന്നു.

6.4 <u>നീർത്തടവികസന സൊസൈറ്റി (WDS)</u> :-ഒരു നീർത്തടപ്രദേശത്ത് പത്ത് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെങ്കിലും നിലവിലുണ്ടെങ്കിൽ നീർത്തട വികസന സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. 10-ൽ കുറവായാൽ തൊട്ടടുത്ത നീർത്തടത്തിലെ ജെ.എൽ.ജി.കളുമായി സംയോജിപ്പിച്ച് നീർത്തട വികസന സൊസൈറ്റി രൂപീകരിക്കണം. നീർത്തടവികസന സൊസൈറ്റിയ്ക്ക് ഒരു പൊതുസഭയും (ജനറൽബോഡി), ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ടായിരിക്കും.

6.4.1. <u>പൊതുസഭ:-</u>ഒരു നീർത്തട പരിധിയിൽ ഈ പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള എല്ലാ ജോയിന്റ് ലയബിലിറ്റിഗ്രൂപ്പുകളുടെയും മൂന്നംഗ ഭാരവാഹികൾ ഉൾപ്പെടുന്നതാണ് ഡബ്ളിയു.ഡി. എസിന്റെ പൊതുസഭ.

6.4.2 <u>എക്സിക്യൂട്ടീവ് കമ്മിറ്റി;-</u> ഡബ്ളിയു.ഡി.എസിന്റെ പൊതുസഭയിൽ നിന്നും ഒൻപതംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന 9- അംഗങ്ങളിൽ 5-ൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കണം. കൂടാതെ 2-ൽ കുറയാത്ത അംഗങ്ങൾ പട്ടികജാതി/പട്ടിക വർഗ്ഗഗോത്ര വിഭാഗങ്ങളിൽപ്പെടുന്നവരും ആയിരിക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഈ ഒൻപതംഗങ്ങളിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന താഴെപ്പറയുന്ന മൂന്ന് ഭാരവാഹികൾ ഉണ്ടായിരിക്കണം.

1. ഡബ്ളിയു.ഡി. എസ് പ്രസിഡന്റ്
2. ഡബ്ളിയു.ഡി. എസ്. വൈസ്പ്രസിഡന്റ്
3. ഡബ്ളിയു.ഡി. എസ്. സെക്രട്ടറി

ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ആളും ആയിരിക്കണം. കൂടാതെ ഇപ്ര

കാരം തെരെഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ മൂന്നുപേരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. നീർത്തട വികസന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ആ നീർത്തട കമ്മിറ്റിയുടെ സെക്രറിയുടെ ചുമതല വഹിക്കുന്ന വി.ഇ.ഒ. എക്സ് ഒഫിഷ്യോ അംഗമായിരിക്കും .

6.5. <u>ബ്ലോക്കുതല നീർത്തട വികസന സൊസൈറ്റി</u> (BLWDS)

സംയോജിത നീർത്തടപരിപാലന പരിപാടിയുടെ ഒരു പ്രോജക്ട് ഏരിയയിൽ ഉൾപ്പെടുന്ന എല്ലാ നീർത്തട വികസന സൊസൈറ്റികളെയും ഉൾപ്പെടുത്തി ബ്ലോക്ക്തല നീർത്തടവികസന സൊസൈറ്റി (BLWDC) രൂപീകരിക്കേണ്ടതാണ്. ബ്ലോക്ക് തല നീർത്തട വികസന സൊസൈറ്റിക്ക് ഒരു പൊതുസഭ (ജനറൽബോഡി)യും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ടായിരിക്കും.

6.5.1. <u>പൊതുസഭ;-</u> പദ്ധതി പ്രദേശത്തെ എല്ലാ നീർത്തട വികസന സൊസൈറ്റി (WDS) കളിലെന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒൻപതംഗ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും ബി.എൽ.ഡബ്ളിയു.ഡി.എസി.ന്റെപൊതുസഭ.

6.5.2 <u>എക്സിക്യൂട്ടീവ് കമ്മിറ്റി;-</u> ബി.എൽ.ഡബ്ളിയു.ഡി.എസിന്റെ പൊതുസഭയിൽ നിന്നും ഒൻപതംഗങ്ങളടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ 5-ൽ കുറയാത്ത അംഗങ്ങൾ വനിതകളും 2-ൽ കുറയാത്ത അംഗങ്ങൾ പട്ടികജാതി/പട്ടിക വർഗ്ഗ ഗോത്രവിഭാഗങ്ങളിൽ ഉൾപ്പെട്ടവരും ആയിരിക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് ഈ 9 അംഗങ്ങളിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന താഴെപ്പറയുന്ന മൂന്ന് ഭാരവാഹികൾ ഉണ്ടായിരിക്കണം.

1. ബി.എൽ.ഡബ്ളിയു.ഡി.എസ്. പ്രസിഡന്റ്
2. ബി.എൽ.ഡബ്ളിയു.ഡി.എസ്. വൈസ് പ്രസിഡന്റ്
3. ബി.എൽ.ഡബ്ളിയു.ഡി.എസ്. സെക്രട്ടറി

ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി /പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെട്ട ആളും ആയിരിക്കണം. ബ്ലോക്ക്തല നീർത്തട വികസന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസർ നീർത്തട വികസന ടീം (WDT) -യിലെ സോഷ്യൽ മൊബിലൈസർ എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങൾ ആയിരിക്കും.

6.6– നീർത്ത വികസന സൊസൈറ്റിയിലേക്കും ബ്ലോക്ക്തല നീർത്തട വികസന സൊസൈറ്റി യിലേക്കും തെരെഞ്ഞെടുക്കപ്പെടുന്ന പൊതുസഭയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയു ടെയും കാലാവധി പരമാവധി 2 വർഷമായിരിക്കും. കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ സ്ഥാനങ്ങളിലേക്ക് തെരെഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗ മോ ഭാരവാഹിയോ ആയി രണ്ടു തവണയിൽ കൂടുതൽ ഒരാൾ തുടർച്ചയായി സ്ഥാനം വഹിക്കുവാൻ പാടുള്ളതല്ല.

6.7. <u>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ ചുമതലകൾ ;-</u>

1. എല്ലാ ആഴ്ചയിലും കൃത്യമായി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരു ത്തേണ്ടതും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.
2. സംഘാംഗങ്ങൾ മാതൃഗ്രൂപ്പിൽ തങ്ങളുടെ സമ്പാദ്യവിഹിതവും ലഭ്യമായിട്ടുള്ള വായ്പ യുടെ തവണകളും കൃത്യമായി അടയ്ക്കേണ്ടതാണ്.
3. യോഗത്തിന്റെ മിനിട്സ്, അംഗത്വവിവരങ്ങൾ സംഘത്തിന്റെ കണക്കുകൾ തുടങ്ങിയവ സെക്രട്ടറി കൃത്യമായി അതത് രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
4. സംഘത്തിന്റെ എല്ലാ വരവുചെലവുകളും ബാങ്ക് അക്കൗണ്ട് മുഖാന്തിരം നടപ്പിലാക്കേ ണ്ടതാണ്.
5. സംയോജിത നീർത്തടപരിപാലന പദ്ധതി പ്രകാരമോ, മറ്റ് പദ്ധയിൽപ്പെടുത്തിയോ, നീർത്തടപ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളിലും സജീ വമായി പങ്കെടുക്കേണ്ടതാണ്.
6. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക
7. ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളുമായി ചേർന്ന് അംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ വായ്പ ലഭ്യമാക്കുക
8. സംരംഭങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനപരിപാടികളിൽ അവരെ പങ്കെടുപ്പിക്കുക.
9. കാലാകാലങ്ങളിൽ നീർത്തടവികസന സൊസൈറ്റി (WDS) ബ്ലോക്ക് തല നീർത്തടവിക സന സൊസൈറ്റി (BLWDS) എന്നിവയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
10. നീർത്തട കമ്മിറ്റിയിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ, ലഭിക്കുന്ന വായ്പകൾ അതത് വായ്പകളുടെ വ്യവസ്ഥകൾക്കനുസൃതമായി ഫലപ്രദമായി വിനി യോഗിക്കുകയും കൃത്യമായി തിരിച്ചടയ്ക്കുകയും ചെയ്യുക.

6.8 നീർത്തട വികസന സൊസൈറ്റിയുടെ ചുമതലകൾ :-

1. നീർത്തട വികസന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ടാഴ്ചയിലൊരി ക്കലും പൊതുസഭ മൂന്നു മാസത്തിലൊരിക്കലും യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചേയ്യേണ്ടതും തുടർ പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുമാണ്.
2. നീർത്തട പ്രദേശത്തുള്ള എല്ലാ ജോയിന്റ് ലയബിലിറ്റിഗ്രൂപ്പുകളുടെയും പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുകയും സമയസയമങ്ങളിൽ അവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേങ്ങൾ നൽകുകയും ചെയ്യുക

4. നീർത്തടപ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ വികസന ക്ഷേമ പദ്ധതികളിലും സജീവ മായ പങ്കാളിത്തം വഹിക്കുക

5. സംയോജിത നീർത്തടപരിപാലന പരിപാടിയിൻ കീഴിൽ നീർത്തട പ്രദേശത്ത് നടപ്പിലാക്കുന്ന പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുക
6. ഈ പദ്ധതി പ്രകാരം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പക്കായുള്ള സീഡ് മണി, സംരഭവികസനത്തിനായുള്ള ധനസഹായം എന്നിവ നൽകുന്നതിനായുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ സഹിതം നീർത്തട കമ്മിറ്റിക്ക് സമർപ്പിക്കുക
7. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് നൽകുന്ന പലിശരഹിത വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തുക
8. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് അംഗങ്ങളെ വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുന്നതിനായി നീർത്തടകമ്മിറ്റിയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
9. ജെ.എൽ.ജികൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി വായ്പാ ലഭ്യത ഉറപ്പുവരുത്തുക.
10. ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട് മൂല്യവർദ്ധനവ്, കാർഷിക ഉൽപ്പന്ന സംസ്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
11. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
12. കാലാകാലങ്ങളിൽ നീർത്തട കമ്മിറ്റി ബ്ലോക്കുതല നീർത്തടവികസന സൊസൈറ്റി എന്നിവയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തനം സംഘടിപ്പിക്കുക.

### 6.9. ബ്ലോക്ക് തല നീർത്തട വികസന സൊസൈറ്റിയുടെ (BLWDS) ചുമതലകൾ ;-

1. ബ്ലോക്ക് തല നീർത്തട വികസന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കലും പൊതുസഭ മൂന്നു മാസത്തിലൊരിക്കലും യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചേയ്യേണ്ടതും തുടർ പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുമാണ്.

2. പദ്ധതിപ്രദേശത്തെ എല്ലാ നീർത്തട വികസന സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സമയാസമയങ്ങളിൽ നീർത്തടവികസന സൊസൈറ്റികൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക.
3. പദ്ധതി പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ വികസന ക്ഷേമപ്രവർത്തനങ്ങളിലും സജീവമായ പങ്കാളിത്തം വഹിക്കുക.
4. സംയോജിത നീർത്തട പരിപാലനപരിപാടിയിൻ കീഴിൽ പദ്ധതി പ്രദേശത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
5. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന വരുമാനദായക പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും അവരുടെ വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുകയും ചെയ്യുക.
6. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് അംഗങ്ങൾക്കും നീർത്തട വികസന സൊസൈറ്റി അംഗങ്ങൾക്കും ആവശ്യമായ പരിശീലനങ്ങൾ ഏതൊക്കെയെന്ന് നിർണ്ണയിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

7. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ വായ്പാ ആവശ്യം നിർണ്ണയിക്കുകയും യഥാസമയം വായ്പ ലഭിക്കുന്നതിന് ബാങ്കുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുമായി ചേർന്ന് നടപടി സ്വീകരിക്കുകയും ചെയ്യുക.
8. ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട് മൂല്യവർദ്ധനവ്, കാർഷിക ഉൽപന്ന സംസ്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നീർത്തടവികസന സൊസൈറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക
9. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
10. കാലാകാലങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ നിർദ്ദേശാനുസരണം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## 7. പദ്ധതിതുകയും അതിന്റെ വിനിയോഗവും

7.1. സംയോജിത നീർത്തട പരിപാലന പരിപാടി പ്രകാരം ലഭിക്കുന്ന അടങ്കൽ തുകയുടെ 9 % ദരിദ്ര ജനവിഭാഗങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവയ്ക്കേണ്ടതാണ്.

7.2. പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യാനുസരണം നീർത്തട കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നതിനായി നീർത്തട കമ്മിറ്റികൾ ഈ തുക ഉപയോഗപ്പെടുത്തേണ്ടതുമാണ്.

7.3. ഇപ്രകാരം ലഭിക്കുന്ന തുക മൂന്നുതരത്തിൽ വിനിയോഗിക്കാവുന്നതാണ്.

1. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിതവായ്പയ്ക്കായുള്ള സീഡ്മണി
2. സ്വയംസഹായസംഘങ്ങൾ/അയൽക്കൂട്ടങ്ങൾ,ജോയിന്റ്ലയബിലിറ്റി ഗ്രൂപ്പുകൾ/ അവയുടെ ഫെഡറേഷൻ എന്നിവയ്ക്ക് സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം
3. നീർത്തട വികസന സൊസൈറ്റി (WDS) ബ്ലോക്ക്തല നീർത്തടവികസന സൊസൈറ്റി (BLWDS) എന്നിവയുടെ പ്രവർത്തനത്തിനായി ഒറ്റത്തവണ ഗ്രാന്റ്

7.4 ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവയ്ക്കപ്പെടുന്ന തുക യുടെ 70 %ൽ കുറയാത്ത തുക സംയോജിത നീർത്തട പരിപാലന പരിപാടിയിൻ കീഴിൽ രൂപീകരിക്കപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ്പക്കായുള്ള സീഡ് മണിയായി വിനിയോഗിക്കേണ്ടതാണ്. സ്വയംസഹായ സംഘങ്ങൾ/ അയൽക്കൂട്ടങ്ങൾ / ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവയ്ക്ക് മുഖ്യസാമ്പത്തിക പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി നീക്കി വയ്ക്കപ്പെടുന്ന തുകയുടെ 30%ൽ അധികരിക്കാത്ത തുക നീക്കിവയ്ക്കാവുന്നതാണ്.

## 8 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പക്കായുള്ള സീഡ്മണി

8.1 ഓരോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും പലിശ രഹിത വായ്പ ലഭിക്കുന്നതിനായി അപേക്ഷ തയ്യാറാക്കി നീർത്തട വികസന സൊസൈറ്റിയുടെ (WDS) ശുപാർശ സഹിതം നീർത്തട കമ്മി

റ്റിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സംഘം ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തനത്തെ സംബന്ധിച്ച വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ,പലിശ രഹിതവായ്പയായി ലഭിക്കുന്ന തുക തിരിച്ചടക്കുന്നതു സംബന്ധിച്ച് സംഘാംഗങ്ങൾ പരസ്പരം ജാമ്യം നിന്നു കൊണ്ടുള്ള ഒരു കരാർ ഉടമ്പടി എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ഒരു അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ നീർത്തട കമ്മിറ്റി ഈ അപേക്ഷ വിശദമായി പരിശോധിക്കേണ്ടതും അംഗീകാരത്തിനായി തങ്ങളുടെ ശുപാർശ സഹിതം പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്.

8.2. ഈ അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്തുകളിൽ സാങ്കേതിക പരിശോധനക്ക് വിധേയമാക്കണം. ഇതിനായി ബ്ലോക്ക് പഞ്ചായത്തുകളിൽ താഴെ പറയുന്നവർ അംഗങ്ങളായി ഒരു സാങ്കേതിക സമിതി രൂപീകരിക്കേണ്ടതാണ്.

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചെയർപേഴ്സൺ
2. ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്)-അംഗം
3. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ– അംഗം
4. വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസർ – കൺവീനർ

ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കൈമാറിയിട്ടുള്ള കൃഷി ഡയറക്ടർ, വ്യവസായ വികസന ഓഫീസർ, വെറ്റിനറി സർജൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിവരെ പ്രോജക്ടിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഈ കമ്മറ്റിയിൽ പങ്കെടുപ്പിപ്പിച്ച് അവ രുടെ അഭിപ്രായംകൂടി പരിഗണിക്കേണ്ടതാണ്.നീർത്തട വികസന ടീമിലെ കൃഷി അസിസ്റ്റന്റ് , സോഷ്യൽ മൊബിലൈസർ എന്നിവർ ഈ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാണ്. സംഘങ്ങൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് മേൽപ്പറഞ്ഞ സമിതി വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതും അതിന്റെ സ്വീകാര്യത അനുവദനീയമായ തുക എന്നിവ സംബന്ധിച്ച് തങ്ങളുടെ റിപ്പോർട്ട് സഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്.

8.3. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ സംഘങ്ങളുടെ അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതും,അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത് ആ വിവരം നീർത്തട കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്. അംഗീകരിക്കപ്പെട്ട അപേക്ഷകൾ നീർത്തട കമ്മിറ്റിയിൽ ലഭിക്കുന്ന മുറയ്ക്ക് സംഘം നീർത്തട കമ്മിറ്റി സെക്രട്ടറിയുമായി കരാർ വയ്ക്കേണ്ടതും തുടർന്ന് ധനസഹായം സംഘങ്ങളുടെ അക്കൗണ്ടിലേക്ക് കൈമാറേ

ണ്ടതുമാണ്. നിരസിക്കപ്പെടുന്ന അപേക്ഷകളെ സംബന്ധിച്ച് ബന്ധപ്പെട്ട സംഘങ്ങൾക്ക് യഥാ സമയം രേഖാമൂലമുള്ള അറിയിപ്പ് വ്യക്തമായ കാരണം സഹിതം നൽകേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തിനെതിരെ സംഘങ്ങൾക്ക് ബ്ലോക്ക്തല കോർഡിനേഷൻ സമിതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. ബ്ലോക്ക്തല കോർഡിനേഷൻസമിതി പരാതിക്കാരായ സംഘം ഭാരവാഹികളുടെ വാദംകൂടി കേട്ടതിനുശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

8.4. സംഘങ്ങൾക്ക് പലിശരഹിത വായ്പ്പയായി സീഡ് മണി നൽകുന്നതിനുള്ള അപേക്ഷകൾ വർഷ ത്തിൽ 2 പ്രാവശ്യമായി (ആറു മാസത്തെ ഇടവേളകളിൽ) സ്വീകരിക്കുന്നതാകും ഉചിതം. കുറേ യധികം സംഘങ്ങൾക്ക് ഒരേ കാലയളവിൽ വായ്പ നൽകുവാനും അവയുടെ തിരിച്ചടവ് ക്രമാ നുഗതമായി മോണിറ്റർ ചെയ്യുവാനും ഇതിലൂടെ സാധിക്കും.

8.5 ഒരു സംഘത്തിന് സീഡ് മണിയായി നൽകാവുന്ന പരമാവധി തുക 25,000/- രൂപയാണ്. സംഘം ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനത്തിന് ആകെ ചെലവാകുമെന്ന് കണക്കാ ക്കപ്പെട്ട തുകയുടെ 90% പരമാവധി 25000/- രൂപ സീഡ് മണിയായി നൽകാവുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് വായ്പയായോ കണ്ടെത്തണം. ഇപ്രകാരം സീഡ് മണിയായി ഓരോ സംഘത്തിനും ലഭിക്കാൻ അർഹമായ തുകയെ സംബന്ധിച്ച് ബ്ലോക്ക് തല ത്തിലുള്ള സാങ്കേതിക സമിതി നിർണ്ണയിച്ച് ശുപാർശ ചെയ്യേണ്ടതാണ്.

8.6 സംഘങ്ങൾക്ക് പലിശ രഹിത വായ്പയായി ലഭിക്കുന്ന സീഡ് മണി വായ്പ്പ ലഭിച്ച് മൂന്നു മാസ ത്തിനുശേഷം, എന്നാൽ 18 മാസത്തിനകം പൂർണ്ണമായും തിരിച്ചടക്കേണ്ടതാണ്. സംഘങ്ങളുടെ ശേഷി, അവർക്ക് ലഭ്യമായ വായ്പത്തുക അവർ ഏറ്റെടുത്ത പ്രവർത്തനത്തിന്റെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ തവണകളുടെ എണ്ണം, പ്രതിമാസ തിരിച്ചടവു തുക എന്നിവ നീർത്തട കമ്മിറ്റി തീരുമാനിച്ച് അതത് സംഘങ്ങളെ അറിയിക്കേണ്ടതാണ്. ലഭ്യമായ സീഡ് മണി കൃത്യമായി തിരിച്ചടയ്ക്കുന്ന മുറയ്ക്ക് അതേ സംഘത്തിനു തന്നെ വീണ്ടും സീഡ് മണി അനുവദിക്കാവുന്നതാണ്. ഇപ്രകാരം ഒരു ഗ്രൂപ്പിന് രണ്ടാമതും സീഡ് മണി നൽകുന്നതിന് മുമ്പ് ആ നീർത്തട പ്രദേശത്ത് സീഡ് മണി ലഭിക്കാൻ അപേക്ഷ സമർപ്പിച്ച അർഹതയുള്ള സംഘ ങ്ങൾ ഇല്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

8.7 സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുമുമ്പ് അവർക്ക് , തുക ശരിയായി വിനിയോഗി ക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും, കൃത്യമായ തിരിച്ചടവ് ഉറപ്പാക്കേണ്ടതിന് ഓരോ അംഗത്തിനുമുള്ള ബാധ്യത സംബന്ധിച്ചും വ്യക്തമായ അവബോധം ഉണ്ടാക്കേണ്ടതാണ്. ഇതി

നാവശ്യമായ ബോധവൽക്കരണ പ്രവർത്തനം നീർത്തട കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘ ടിപ്പിക്കേണ്ടതാണ്.

8.8 ജെ.എൽ.ജി.കൾക്ക് നൽകുന്ന പലിശ രഹിത വായ്പയുടെ തിരിച്ചടവ് നീർത്തട കമ്മിറ്റി കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായി നീർത്തട വികസന സൊസൈറ്റികൾ മുഖേന ആവശ്യമായ ഇടപെടലുകൾ നീർത്തട കമ്മിറ്റികൾ നടത്തേണ്ടതാണ്.

8.9 സംഘങ്ങൾക്ക് സീഡ്മണിയായി നൽകുന്ന തുക ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്ന് ഫീൽഡുതലപരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, നീർത്തട വികസന ടീമിലെ സോഷ്യൽ മൊബിലൈസർ, കൃഷി അസിസ്റ്റന്റ് എന്നിവർക്ക് ചുമതല നൽകേണ്ടതും അവർ റിപ്പോർട്ട് നീർത്തട കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ലഭിച്ചതുക ദുരുപയോഗം ചെയ്യപ്പെട്ടതായി കണ്ടെത്തിയാൽ മുഴുവൻതുകയും ഒരുമിച്ച് തിരിച്ച്പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 9 മുഖ്യജീവനോപാധി പ്രവർത്തനങ്ങൾക്കായുള്ള ധനസഹായം

9 .1. മുഖ്യജീവനോപാധി പ്രവർത്തനങ്ങൾക്കായുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനോ, അല്ലെങ്കിൽ നിലവിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ വിപുലീകരിക്കുന്നതിനോ ഈ പദ്ധതിയിൻ കീഴിൽ സ്വയംസഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ/അവ യുടെ ഫെഡറേഷൻ എന്നിവർക്ക് ധനസഹായം നൽകാവുന്നതാണ്. ഈ ധനസഹായം വായ്പാധിഷ്ഠിതമായി മാത്രമേ നൽകാൻ പാടുള്ളു. ഇപ്രകാരം നൽകുന്ന ധനസഹായം ആകെ ജീവനോപാധി പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കപ്പെടുന്ന തുകയുടെ 30%ൽ അധികരിക്കാൻ പാടുള്ളതല്ല.

9.2 ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനായി സ്വയംസഹായ സംഘങ്ങൾ/ അയൽക്കൂട്ടങ്ങൾ/ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ/ (സീഡുമണി ലഭിച്ചവയും അല്ലാത്തവയു മായവ) /അവ യുടെ ഫെഡറേഷൻ എന്നിവർ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സഹിതം അപേക്ഷകൾ നീർത്തട വികസന സൊസൈറ്റിയുടെ ശുപാർശ സഹിതം നീർത്തട കമ്മിറ്റിയ്ക്ക് സമർപ്പി ക്കേണ്ടതാണ്. ഈ പ്രൊപ്പോസലിൽ സംഘം ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തനത്തെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും (പ്രോജക്ട് ഘടകങ്ങൾ, മുൻപിൻ ബന്ധങ്ങൾ , ഭൂമി, കെട്ടിടം, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ആകെ പദ്ധതി തുകയുടെ വിശദാംശങ്ങൾ, തുക കണ്ടെത്തുന്നതിനുള്ള വിവിധ സ്രോതസ്സുകൾ, വിപണി ലഭ്യ തയും വിപണന സംവിധാനവും , പ്രതീക്ഷിത ലാഭം തുടങ്ങിയവ) ഉണ്ടായിരിക്കേണ്ടതാണ്.

നീർത്തട കമ്മിറ്റി ഈ അപേക്ഷ പരിശോധിച്ച് തങ്ങളുടെ ശുപാർശ സഹിതം പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. തുടർന്ന് ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്കു പഞ്ചായത്ത് സെക്രട്ടറി ചെയർപേഴ്സണും, വനിതാക്ഷേമ എക്സറ്റർഷൻ ഓഫീസർ കൺവീനറുമായി രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതി ഈ പ്രോജക്ട് പ്രൊപ്പോസൽ സൂക്ഷ്മ മായ പരിശോധനക്ക് വിധേയമാക്കേണ്ടതും തങ്ങളുടെ ശുപാർശസഹിതം റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിക്കേണ്ടതും അംഗീകരിക്കാവുന്നതാണെങ്കിൽ തങ്ങളുടെ ശുപാർശ സഹിതം ബ്ലോക്കുതല കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാതല നീർത്തട സെൽ കം ഡാറ്റാ സെന്ററിന് കൈമാറേണ്ടതുമാണ്. WCDC യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കിന് അയച്ചുകൊടുക്കേണ്ടതും ബാങ്ക് വായ്പ്പ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ നീർത്തട കമ്മിറ്റി സംഘങ്ങൾക്ക് അർഹമായ സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകേണ്ടതുമാണ്.

9.3 ഈ പദ്ധതിയിൻ കീഴിൽ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ്പയും സബ്സിഡിയും അടങ്ങുന്ന ധനസഹായമാണ് അനുവദിക്കേണ്ടത്. മൊത്തം പ്രോജക്ട് തുകയുടെ 50 % പരമാവധി 2 ലക്ഷം രൂപയെന്ന പരിധിക്കുവിധേയമായി ഈ പദ്ധതിയിൻ കീഴിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. ബാക്കി തുക ബാങ്ക് വായ്പ്പ മുഖേന കണ്ടെത്തേണ്ടതാണ്. കൂടാതെ ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാക്കാവുന്ന പ്രതിശീർഷ സബ്സിഡി പരമാവധി 20,000/- രൂപ എന്ന നിലയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

9.4 രൂപീകരിക്കപ്പെട്ട് ഒരു വർഷം പൂർത്തിയാക്കുകയും രണ്ടാം ഗ്രേഡിങ്ങ് കഴിയുകയും ചെയ്തിട്ടുള്ള സംഘങ്ങൾക്ക് മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ധനസഹായം നൽകാൻ പാടുള്ളൂ. രണ്ടാം ഗ്രേഡിംങ്ങ് കഴിഞ്ഞ സംഘങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അടങ്ങിയ ജെ.എൽ.ജി.കൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്.

9.5 ഈ പദ്ധതിയിൻ കീഴിൽ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സംഘങ്ങൾക്ക് ആവശ്യമായ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്. സംഘങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിക്കുന്ന പ്രവർത്തനങ്ങൾ, അതിന് ആവശ്യമായ ബാങ്ക്

വായ്പ എന്നിവ സംബന്ധിച്ച വിവരങ്ങൾ നീർത്തട കമ്മിറ്റികളിൽ നിന്ന് ശേഖരിച്ച് ബ്ലോക്ക് തലത്തിൽ ക്രോഢീകരിച്ച് ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി (ആഘആഋ) മുമ്പാകെ സമർപ്പിക്കാനും യഥാസമയത്ത് ബാങ്ക് വായ്പ ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ജില്ലാതലത്തിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ക്രോഢീകരിച്ച് ജില്ലാതല റിവ്യു കമ്മിറ്റിക്കും സമർപ്പിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസറും ജില്ലാതലത്തിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വനിതാക്ഷേമം) -ഉം ഏകോപിപ്പിക്കേണ്ടതാണ്.

10. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ ഫെഡറേഷനുകൾക്ക് ഒറ്റത്തവണ സഹായം-

നീർത്തട വികസന സൊസൈറ്റികൾക്ക് (WDS) പ്രവർത്തന മൂലധനമെന്ന നിലയിൽ ഒറ്റത്തവണ ഗ്രാന്റായി പരമാവധി 25,000/- രൂപ വീതവും ബ്ലോക്ക്തല നീർത്തട വികസനസൊസൈറ്റിക്ക് 40,000/- രൂപയും ജീവനോപാധി പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും അനുവദിക്കാവുന്നതാണ്. ഈ തുക ബന്ധപ്പെട്ട സൊസൈറ്റികളുടെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതും ആയത് സൊസൈറ്റികളുടെ ഭരണനിവർവ്വഹണ പരമായ ചെലവുകൾക്ക് അവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം പ്രകാരം വിനിയോഗിക്കാവുന്നതുമാണ്.

11 <u>പരിശീലനവും വൈദഗ്ദ്ധ്യ വികസനവും</u>

11.1 സംയോജിത നീർത്തട പരിശീലന പരിപാടിയിൻ കീഴിൽ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ഗുണഭോക്താക്കളായ വിഭാഗങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യവും അതിജീവന ശേഷിയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾ ജീവനോപാധി പദ്ധതിയുടെ ഭാഗമായി രൂപം കൊടുക്കേണ്ടതാണ്. ഏതാനും ചില വിവരങ്ങൾ നൽകുകയോ കേവലം അറിവ് വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിലുപരി ഗുണഭോക്താക്കളുടെ തൊഴിൽ നൈപുണ്യവും അതിജീവന ശേഷിയും വികസിപ്പിക്കുന്നതിനാണ് ഈ പരിശീലന പരിപാടികളിൽ ഊന്നൽ നൽകേണ്ടത്.

11.2 ഓരോ നീർത്തട പ്രദേശത്തെയും ഗുണഭോക്താക്കൾക്ക് നൽകേണ്ട പരിശീലനത്തെ സംബന്ധിച്ച ആവശ്യകത നീർത്തട വികസന സൊസൈറ്റിയുമായി ആലോചിച്ച് നീർത്തട കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്. നീർത്തട പ്രദേശത്ത് നടത്തേണ്ട പരിശീലന പരിപാടികൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിലും പങ്കെടുപ്പിക്കേണ്ടവരുടെ എണ്ണം എത്രയാണെന്നും

നീർത്തട കമ്മിറ്റി തിട്ടപ്പെടുത്തി ആ വിവരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുതലത്തിലുള്ള വിശദമായ പരിശീലന പരിപാടിക്ക് ബ്ലോക്ക് പഞ്ചായത്തുകൾ രൂപം കൊടുക്കേണ്ടതുമാണ്. ആത്മ തുടങ്ങിയുള്ള പദ്ധതികളുമായി ഏകോപിപ്പിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യതയും ആരായേണ്ടതാണ്. കൂടാതെ RSETI, കൃഷിവിജ്ഞാന കേന്ദ്രം, കമ്മ്യൂണിറ്റി പോളിടെക്നിക്, ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ട്രയിനിംഗ് സെന്റർ **(ETC)** തുടങ്ങിയ പരിശീലന സ്ഥാപനങ്ങളുടെ സേവനവും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ് , ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും പരിശീലനത്തിനായി വേണ്ടി വരുന്ന തുക നീക്കി വയ്ക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിലെ വനിതാക്ഷേമ എക്സ്റ്റൻഷൻ ഓഫീസർ. നീർത്തട വികസന ടീമിലെ അംഗങ്ങളുടെ സഹകരണത്തോടെ ഈ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്.

11.3. ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പരിശീലന പരിപാടികൾക്ക് ആവശ്യമായ തുക സംയോജിത നീർത്തട പരിപാലന പരിപാടിയിൻ കീഴിൽ ഇൻസ്റ്റിറ്റ്യൂഷൻ ആന്റ് കപ്പാസിറ്റി ബിൽഡിങ്ങിനായി നീക്കി വെച്ചിരിക്കുന്ന 5% തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

11.4. ഗുണഭോക്താക്കളായ സംഘങ്ങൾക്കും വ്യക്തികൾക്കും ആവശ്യമായി വരുന്ന പൊതുവായ പരിശീലനങ്ങൾക്കു പുറമെ താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകി കൊണ്ട് തൊഴിൽ വൈദഗ്ദ്ധ്യത്തിൽ അധിഷ്ഠിതമായ പരിശീലന പരിപാടികൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.

a. കണക്കുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കൽ ( കാഷ് ബുക്ക്, ലഡ്ജർ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകൾ തയ്യാറാക്കൽ, മൂല്യവും വിലയും നിർണ്ണയിക്കൽ തുടങ്ങിയവ)

b. യോഗ നടപടിക്രമങ്ങളും അവ മിനുട്ട്സ് ആയി എഴുതി സുക്ഷിക്കലും

c. കൃഷി , മൃഗസംരക്ഷണം, നഴ്സറി പരിപാലനം, ഉദ്യാന സസ്യകൃഷി, മത്സ്യം വളർത്തൽ, തേനീച്ച വളർത്തൽ, പട്ടുനൂൽ കൃഷി വ്യാപനം തുടങ്ങി

വിവിധങ്ങളായ വരുമാനദായക പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശീലനങ്ങളും വിജയകരമായ സംരംഭങ്ങളുടെ ഫീൽഡുതല സന്ദർശനങ്ങളും

d. വിപണിസാധ്യതകൾ കണ്ടെത്തൽ, വിപണന സംവിധാനങ്ങൾ രൂപപ്പെടുത്തൽ, വില നിർണ്ണയം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ, പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം തുടങ്ങിയ വിവരങ്ങൾ

12. സംയോജിത നീർത്തടപരിപാടിയിൻ കീഴിൽ ഏറ്റെടുക്കുന്ന ജീവനോപാധി പ്രവർത്തനങ്ങളുടെ ജില്ലാതല ഏകോപനം നടത്തേണ്ട ചുമതല ജില്ലയിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വനിതാ വികസനം) ക്ക് ആയിരിക്കും. അവർ ജില്ലാതല നീർത്തട സെൽ കം ഡാറ്റാ സെന്ററിന്റെ പ്രോജക്ട് മാനേജരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃത മായി ഈ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുകയും യഥാസമയങ്ങളിൽ ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സംസ്ഥാനതല നോഡൽ ഏജൻസിക്ക് (എസ്.എൽ.എൻ.എ) സമർപ്പിക്കേണ്ടതുമാണ്.

13. ആധാർ രജിസ്ട്രേഷൻ വ്യാപകമാകുന്ന മുറക്ക് ഈ പദ്ധതിയിൻ കീഴിലെ ധനസഹായ വിതരണം ഗുണഭോക്താക്കളുടെ ആധാർ കാർഡുകളുമായി ബന്ധപ്പെടുത്തി നടത്തേണ്ടതാണ്. സാമ്പത്തിക ഇടപാടുകളിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും ധനസഹായ വിതരണത്തിലെ ഇരട്ടിപ്പ് ഒഴിവാക്കി യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിൽ തന്നെ സഹായം എത്തിക്കുന്നതിനും ഇതിലൂടെ സാധിക്കും.